നം. കമ്പ്യൂട്ടർ.32309/2016/ഡി.ഇ.എസ്.

സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ്
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 26-12-2017

# പരിപത്രം

സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഡാറ്റാ ശേഖരണവും റിപ്പോർട്ട് തയ്യാറാക്കലും ഓൺലൈൻ ആക്കുന്നതിൻെറ ഭാഗമായി കേരളാ സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ങ്തനിംഗ് പ്രോജക്ടിൽ (KLSSSP) ഉൾപ്പെടുത്തി Centre for Development of Advanced Computing (CDAC) മുഖേന വികസിപ്പിച്ച DESCAS (Department of Economics and Statistics Core Application Software) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ **2018 ജാനുവരി 1** മുതൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഈ ആപ്ലിക്കേഷൻ **https://descas.kerala.gov.in** എന്ന വെബ് അഡ്രസ്സിൽ സ്റ്റേറ്റ് ഡാറ്റാ സെൻറർ മുഖേന ലഭിക്കുന്നതായിരിക്കും. കൂടാതെ വകുപ്പിൻെറ വെബ്സൈറ്റിൻെറ (www.ecostat.kerala.gov.in) ലിങ്കിൽ നിന്നും ഈ സോഫ്റ്റ്‌വെയർ നേരിട്ട് 1-1-2018 മുതൽ ലഭിക്കുന്നതായിരിക്കും.

ആയതിനാൽ സോഫ്റ്റ്‌വെയറിലെ പൂർത്തിയാക്കിയ മോഡ്യൂളുകളായ പ്രൈസ്, എം.ഐ. പ്രൈസ്, ലേബർ, ഹൗസിംഗ്, പി.പി.സി., ഇവാല്യുവേഷൻ, കോസ്റ്റ് ഓഫ് കൾട്ടിവേഷൻ എന്നിവയുമായി ബന്ധപ്പെട്ട ഡാറ്റാ DESCAS മുഖേന 1-1-2018 മുതൽ താലൂക്ക് ഓഫീസുകളിൽ നിന്നും ജില്ലാ ഓഫീസുകളിൽ നിന്നും ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു. മേൽപറഞ്ഞ മോഡ്യൂളുകളുമായി ബന്ധപ്പെട്ട ഡാറ്റാ **https://descas.kerala.gov.in** ൽ മാത്രമേ എൻറർ ചെയ്ത് സബ്മിറ്റ് ചെയ്യാൻ പാടുള്ളൂ. നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന https://59.90.28.110 എന്ന അഡ്രസ്സ് ഇനിയും പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്ന മോഡ്യൂളുകളായ ഇ.എ.ആർ.എ.എസ്., ബിസിനസ് രെജിസ്റ്റർ എന്നിവയുടെ ട്രയൽ റണ്ണിന് വേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

2017 ഡിസംബർ 21, 22 തീയ്യതികളിൽ തിരുവനന്തപുരത്ത് വെച്ച് നടന്ന DESCAS സോഫ്റ്റ്‌വെയറിൻെറ സംസ്ഥാനതല മാസ്റ്റേഴ്സ് പരിശീലന പരിപാടിയിൽ പരിശീലനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സോഫ്റ്റ്‌വെയർ ഉപയോഗിക്കേണ്ട മറ്റ് ജില്ലാ താലൂക്ക് തല ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള മോഡ്യൂളുകളുടെ യൂസർ മാനുവൽ സോഫ്റ്റ്‌വെയറിൽ നിന്നും നേരിട്ട് ഡൗൺലോഡ് ആയി ലഭ്യമാണ്.

സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാകുകയാണെങ്കിൽ ഇത് സോഫ്റ്റ്‌വെയറിൽ തന്നെയുള്ള issue

tracker മുഖേന ലോഗിൻ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്റെ മൊബൈൽ നമ്പർ ഉൾപ്പെടെ ഓൺലൈനായി റിപ്പോർട്ട് ചെയ്യേണ്ടതും ഇത് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷൻ, കമ്പ്യൂട്ടർ വിഭാഗം, CDAC എന്നിവർ പരിശോധിച്ച് പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കേണ്ടതുമാണ്.

**ഡയറക്ടർ ജനറൽ**

അഡീഷണൽ ഡയറക്ടർമാർ
ജോയിൻറ് ഡയറക്ടർമാർ
ഡെപ്യൂട്ടി ഡയറക്ടർമാർ
സെക്ഷൻ ഹെഡ്ഡുകൾ
ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ

പകർപ്പ്:

എക്സിക്യൂട്ടീവ് ഡയറക്ടർ, CDAC
ഡയക്ടർ ജനറലിന്റെ സി.എ.
ഡയറക്ടർ (എസ്.ഡി.പി) യുടെ സി.എ.
ഡയറക്ടർ (എസ്.ഡി.ആർ.റ്റി) യുടെ സി.എ.